നം.11253/ഇ1/2017/കെ.എസ്.എച്ച്.ഒ 25/06/2021

## സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

## വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)യിലെ 14 ജില്ലകളിലെയും **അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലേയ്ക്ക്** ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനായി **യോഗ്യരായ കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.**

യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃവകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

1. **ഒഴിവുകളുടെ എണ്ണം**

**ആകെ – 52**

ജില്ലതിരിച്ചുള്ള അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ജില്ല | അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 4 |
| 2. | കൊല്ലം | 4 |
| 3. | പത്തനംതിട്ട | 3 |
| 4. | ആലപ്പുഴ | 4 |
| 5. | കോട്ടയം | 3 |
| 6. | ഇടുക്കി | 3 |
| 7. | എറണാകുളം | 4 |
| 8. | തൃശ്ശൂർ | 4 |
| 9. | പാലക്കാട് | 4 |
| 10. | മലപ്പുറം | 4 |
| 11. | കോഴിക്കോട് | 4 |
| 12. | വയനാട് | 3 |
| 13. | കണ്ണൂർ | 4 |
| 14. | കാസർഗോഡ് | 4 |
| **ആകെ** | | **52** |

2. അപേക്ഷിക്കുന്ന ജീവനക്കാരുടെ ശമ്പള സ്കെയിൽ

– 37400–79000 (പുതുക്കിയത്)

3. യോഗ്യത :

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.

4. ജോലിയുടെ സ്വഭാവവും ലക്ഷ്യങ്ങളും

- കേരളത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീയിലൂടെ സംസ്ഥാന സർക്കാർ നിരവധി സുപ്രധാന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം.
- കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളായ എൻ.ആർ.എൽ.എം, ഡി.ഡി.യു.ജി.കെ.വൈ, എസ്.വി.ഇ.പി, എൻ.യു.എൽ.എം, പി.എം.എ.വൈ എന്നിവയുടെ സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീ മിഷനാണ്. ഫീൽഡ് തലത്തിൽ ടി പദ്ധതികളുടെ സമയബന്ധിതമായും ഫലപ്രദമായും ഉള്ള നടത്തിപ്പ്.
- കേരളത്തിലെ 45 ലക്ഷത്തിൽപരം സ്ത്രീകൾ അംഗങ്ങളായുള്ളതും ഇവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതും ഇത്തരത്തിൽ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമിടുന്നതുമായ സംഘടനയാണ് കുടുംബശ്രീ. പൂർണ്ണമായും സാമൂഹിക ഇടപെടൽ ആവശ്യമായിട്ടുള്ള പ്രവർത്തന മേഖലയായതിനാൽ തന്നെ സാമൂഹിക പ്രതബദ്ധതയുള്ളവരായിരിക്കണം.
- കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾക്കായി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള പ്രൊഫഷണലുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഓരോ പ്രൊഫഷണലുകളുടെയും, മറ്റ് ജീവനക്കാരുടെയും പ്രാവീണ്യമേഖല കൃത്യമായി മനസ്സിലാക്കി ടി ജീവനക്കാരെ കൂട്ടായ്മയോടെ നയിക്കുക.
- കുടുംബശ്രീ മിഷനിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും, സർക്കാരിന്റെ വിവിധ വകുപ്പുകളുമായുമുള്ള സംയോജന പ്രവർത്തനങ്ങൾ ആണ്.

ആയതിനാൽ സംയോജന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പരിഹിക്കുന്നതിനും ഉള്ള നേതൃപാടവം ഉണ്ടായിരിക്കണം.

- വകുപ്പ് മേധാവികളുമായും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും, സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള അംഗങ്ങളുമായും നേരിട്ടോ, രേഖാമൂലമോ ആശയവിനിമയം/അവതരണം നടത്തുന്നതിന് കഴിയുന്നവർ ആയിരിക്കണം. മികച്ച ഭാഷാസ്വാധീനം ഉണ്ടായിരിക്കണം.
- സമൂഹത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് / സമസ്യകൾക്ക് യഥാസമയം പരിഹാരം കണ്ടെത്തുന്നതിനുള്ള നവീന ആശയങ്ങൾ ആവിഷ്കരിക്കുക, അവ പദ്ധതികളാക്കി മാറ്റി സമയബന്ധിതമായി നടപ്പിലാക്കുക.
- ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് സജീവമായി നേതൃത്വം നൽകേണ്ടതും, മറ്റ് ജില്ലാ മിഷനുകളുമായും, സംസ്ഥാനമിഷനുമായും ആശയവിനിമയം നടത്തി ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കഴിവ് ഉണ്ടാകണം.
- വ്യക്തിഗത നേട്ടങ്ങളെക്കാൾ ടീം ആയി പ്രവർത്തിക്കാനും ടീമിനെ പ്രജോദിപ്പിക്കാനും നേതൃത്വം നൽകാനും കഴിവുള്ളവരാകണം

**5. അപേക്ഷ സമർപ്പിക്കേണ്ട വിധം**

- ✓ നിശ്ചിത യോഗ്യതയുള്ളവർ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഫോർമാറ്റിൽ അപേക്ഷയും, വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രവും സമയബന്ധിതമായി സമർപ്പിക്കണം.
- ✓ ബയോഡാറ്റയിൽ, കമ്മ്യൂണിക്കേഷൻ അഡ്രസ്സ്, ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ എന്നിവ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇ-മെയിലൂടെയായിരിക്കും കുടുംബശ്രീയിൽ നിന്നും തുടർന്നുള്ള അറിയിപ്പുകൾ നൽകുന്നത്.

✓ ബയോഡാറ്റയിൽ വിദ്യാഭ്യാസ യോഗ്യതയോടൊപ്പം, അധിക യോഗ്യതകളും രേഖപ്പെടുത്തേണ്ടതും, പ്രവൃത്തിപരിചയം വ്യക്തമാക്കിയിരിക്കേണ്ടതുമാണ്.

6. **തെരെഞ്ഞെടുപ്പ് പ്രക്രിയ**

- നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി യോഗ്യരായവരുടെ പട്ടിക തയ്യാറാക്കുന്നു.
- യോഗ്യരായവരുടെ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ താൽപര്യവും, വിഷയാവതരണശേഷിയും, സാമൂഹിക പ്രതിബദ്ധതയും മറ്റും മനസ്സിലാക്കുന്നതിനുള്ള ഒരു എഴുത്ത് ഉദ്യമം ഉണ്ടാകുന്നതാണ്.
- തുടർന്ന് ഓരോരുത്തരും 2 ഘട്ടങ്ങളിലായി നടക്കുന്ന അഭിമുഖങ്ങളിലും ഫീൽഡ് വിസിറ്റിലും പങ്കെടുക്കേണ്ടതുണ്ട്.
- *അപേക്ഷാർത്ഥികളുടെ എണ്ണം കണക്കാക്കി തെരെഞ്ഞെടുപ്പ് പ്രക്രിയയിൽ മാറ്റം വരുത്തുന്നതിനും അഭിമുഖ പാനൽ നിശ്ചയിക്കുന്നതിനുമുള്ള അധികാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.*

**മുൻഗണന**

- ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യവികസനം, സംഘടനാ ശാക്തീകരണം, പ്രാദേശിക സാമ്പത്തിക വികസനം, നഗരദാരിദ്ര്യ ലഘൂകരണം, സ്ത്രീശാക്തീകരണം, സ്കിൽ ട്രെയിനിംഗ് തുടങ്ങിയ വിവിധ വികസന പ്രവർത്തനങ്ങളാണ് കുടുംബശ്രീ നടത്തുന്നത്. ഈ മേഖലകളിൽ പരിചയമുള്ളവർക്ക് മുൻഗണന.
- ദാരിദ്ര്യ നിർമ്മാർജ്ജന-തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുന്ന പ്രവർത്തന മേഖലകളിൽ കുറഞ്ഞത് 3 വർഷത്തിൽ അധികം പ്രവൃത്തി പരിചയം അഭികാമ്യം.
- സാമൂഹിക വിഷയങ്ങളിലെ ബിരുദാനന്തര ബിരുദം (എം.എസ്.ഡബ്ല്യൂ) എം.എ സോഷ്യോളജി തുടങ്ങിയവ) അഭികാമ്യം.
- നിശ്ചിതയോഗ്യതയുള്ള വനിതാ ജീവനക്കാർക്ക് മുൻഗണന

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

ഇ-മെയിൽ :- kudumbashree1@gmail.com

**പ്രധാന തീയതികൾ**

- അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **15/07/2021 വൈകുന്നേരം 5.00 മണി**
- ടെസ്റ്റ്, അഭിമുഖം എന്നിവയക്കുള്ള തീയതികൾ ഇ-മെയിൽ മുഖാന്തിരം അറിയിക്കുന്നതായിരിക്കും

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

**അംഗീകാരത്തോടെ,**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**